# യുവാവിനെ ആക്രമിച്ച കേസിൽ രണ്ടു പേർ കൂടി അറസ്റ്റിൽ

നവമാധ്യമങ്ങളിൽ പോസ്റ്റിട്ട വിരോധത്തിൽ യുവാവിനെ ആക്രമിച്ച കേസിൽ രണ്ടു പേർ കൂടി അറസ്റ്റിൽ. എടവനക്കാട് തയ്യിൽ വീട്ടിൽ സുബൈർ (43), പള്ളിപ്പുറം പുതുക്കാട്ട് പറമ്പിൽ റിയാസ് (30) എന്നിവരെയാണ് പറവൂർ പോലീസ് അറസ്റ്റ് ചെയ്ത് . എടവനക്കാട് പുളിയത്തു വീട്ടിൽ സുൽഫിക്കർ, മായാബസാർ തൈപ്പറമ്പ് വീട്ടിൽ അയൂബ് എന്നിവരെ നേരത്തെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. പോസ്റ്റിട്ടതിൻറെ പേരിൽ പ്രമോദ് എന്ന യുവാവിനെതിരെയാണ് ആക്രമണമുണ്ടായത്. കഴിഞ്ഞ തിങ്കളാഴ്ച പറവൂർ പുല്ലംകുളം സ്ക്കൂളിനു സമിപം വച്ചാണ് ആക്രമിക്കപ്പെട്ടത്. സംഭവ ശേഷം പ്രതികൾ ഒളിവിലായിരുന്നു. ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്കിൻറെ നേതൃത്വത്തിൽ പ്രത്യേക സംഘം രൂപീകരിച്ച് അന്വേഷണം നടന്നു വരുന്നതിനിടയിലാണ് പ്രതികൾ പിടിയിലാകുന്നത്. ഡി.വൈ.എസ്.പി എം.ആർ. മധു ബാബു, ഇൻസ്പെക്ടർ മാരായ ഷോജോ വർഗീസ്, സിൽവസ്റ്റർ, എസ്.ഐ മാരായ അരുൺ ദേവ്, അരുൺ തോമസ്, ജയകുമാർ, ജോൺസൻ തുടങ്ങിയവരാണ് അന്വേഷണ സംഘത്തിലുള്ളത്. സംഭവത്തെക്കുറിച്ച് വിശദമായി അന്വേഷണം നടത്തിവരികയാണെന്നും ശക്തമായ നടപടി സ്വീകരിക്കുമെന്നും എസ്.പി. കെ. കാർത്തിക് പറഞ്ഞു.